ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 29-04-2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1) പശ്ചിമ ബംഗാൾ രണ്ടാം ഘട്ട തിരഞ്ഞെടുപ്പിലെ വോട്ടെടുപ്പ് സമയം പൂർത്തിയായി; കേന്ദ്രതിരഞ്ഞെടുപ്പ് കമ്മീഷൻ ഒടുവിൽ നൽകിയ കണക്കനുസരിച്ച് 91.41 ശതമാനമാണ് പോളിംഗ്.

   **Voting time in the second phase of West Bengal elections has ended; the latest figures from the election commission of india show that the turnout is 91.41 percent.**

2) നിയമസഭാ തിരഞ്ഞെടുപ്പ് നടന്ന കേരളമടക്കമുള്ള സംസ്ഥാനങ്ങളിൽ വോട്ടെണ്ണലിനുള്ള ക്രമീകരണങ്ങൾ പുരോഗമിക്കുന്നു; വോട്ടെണ്ണൽ മെയ് നാലിന്.

   **Arrangements for counting of votes are progressing in states including Kerala where assembly elections were held; counting of votes will be on May 4th.**

3) കേരളത്തിൽ കനത്ത ചൂടിന് ആശ്വാസമായി വരും ദിവസങ്ങളിൽ വേനൽ മഴ ശക്തിയാകുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്; ഇടുക്കി, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ നാളെ മഞ്ഞ ജാഗ്രത.

   **The Central Meteorological Department has said that summer rains will be strong in the coming days in Kerala, bringing relief from the intense heat; Yellow alert in Idukki, Kannur and Kasaragod districts tomorrow.**

4) ജൈവ ഇന്ധന ഉപയോഗം വർധിപ്പിക്കുന്നത് ലക്ഷ്യമിട്ട് മോട്ടോർ വാഹന ചട്ടങ്ങളിൽ നിർണായക ഭേദഗതികളുമായി കേന്ദ്ര സർക്കാർ; കരടു വിജ്ഞാപനം പുറപ്പെടുവിച്ചു.

The Central Government has issued a draft notification with crucial amendments to the Central Motor Vehicle Rules aimed at increasing the use of biofuels.

5) കാലാവസ്ഥാ പ്രതിബദ്ധത കൈവരിക്കുന്നതിൽ ആഗോളതലത്തിൽ ഏറ്റവും മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന രാജ്യങ്ങളിൽ ഒന്നാണ് ഇന്ത്യയെന്ന് കേന്ദ്ര മന്ത്രി പിയൂഷ് ഗോയൽ.

Union Minister Piyush Goyal says that India is one of the best performing countries globally in achieving its climate commitments.

6) ഐ.പി.എൽ ക്രിക്കറ്റിൽ ഇന്ന് മുംബൈ ഇന്ത്യൻസ്- സൺ റൈസേഴ്സ് ഹൈദരാബാദ് പോരാട്ടം.

Mumbai Indians-Sunrisers Hyderabad clash in IPL cricket today.

***********************************

## WEST BENGAL ELECTION (INTRO)

പശ്ചിമ ബംഗാളിൽ രണ്ടാം ഘട്ട തിരഞ്ഞെടുപ്പിലെ വോട്ടെടുപ്പ് പൂർത്തിയായി. കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ ഒടുവിൽ നൽകിയ കണക്കനുസരിച്ച് 91.41 ശതമാനമാണ് പോളിംഗ്. 93.42 ശതമാനം പേർ വോട്ട് രേഖപ്പെടുത്തിയ പുർബ ബർധമാൻ ജില്ലയിലാണ് ഏറ്റവും കൂടുതൽ പോളിംഗ് നടന്നത്. (വിശദാംശങ്ങളിലേക്ക്)

(വോയിസ്)

## WEST BENGAL ELECTION (VOICE)

ഏഴു ജില്ലകളിലായി വ്യാപിച്ചു കിടക്കുന്ന 142 മണ്ഡലങ്ങളിലാണ് ഇന്ന് വോട്ടെടുപ്പ് നടന്നത്. 1,448 സ്ഥാനാർത്ഥികൾ ജനവിധി തേടിയ രണ്ടാം ഘട്ടത്തിൽ വോട്ടെടുപ്പിനായി 41,001 പോളിങ്ങ് സ്റ്റേഷനുകളാണ് ക്രമീകരിച്ചിരുന്നത്. രാവിലെ ഏഴിന് തന്നെ പോളിംഗ് ആരംഭിച്ചു. കനത്ത സുരക്ഷാ ക്രമീകരണങ്ങളാണ്

വോട്ടെടുപ്പിനോട് അനുബന്ധിച്ച് പശ്ചിമബംഗാളിൽ ഏർപ്പെടുത്തിയിരുന്നത്. സൗത്ത് 24 പർഗാനാസിലും, നാദിയയിലും ഉണ്ടായ ഒറ്റപ്പെട്ട അനിഷ്ട സംഭവങ്ങൾ ഒഴിച്ചു നിർത്തിയാൽ പോളിങ്ങ് പൊതുവേ സുഗമമായാണ് മുന്നോട്ട് നടന്നത്. പശ്ചിമബംഗാളിൽ നടന്ന ഒന്നാം ഘട്ട തിരഞ്ഞെടുപ്പിൽ 93.19% എന്ന റെക്കോർഡ് പോളിംഗാണ് രേഖപ്പെടുത്തിയത്. കേരളം ഉൾപ്പെടെ നിയമസഭ തിരഞ്ഞെടുപ്പ് നടക്കുന്ന നാല് സംസ്ഥാനങ്ങളിലും പുതുച്ചേരിയിലും മെയ് നാലിനാണ് വോട്ടെണ്ണൽ.

ന്യൂസ് ഡെസ്ക് ആകാശവാണി......

***************************************

## PREPARATIONS FOR VOTE COUNTING

നിയമസഭാ തിരഞ്ഞെടുപ്പ് നടന്ന കേരളമടക്കമുള്ള സംസ്ഥാനങ്ങളിൽ വോട്ടെണ്ണലിനുള്ള ക്രമീകരണങ്ങൾ പുരോഗമിക്കുന്നു. മെയ് നാലിനാണ് വോട്ടെണ്ണൽ. രാവിലെ എട്ട് മണിക്ക് വോട്ടെണ്ണൽ ആരംഭിക്കും. തപാൽ വോട്ടുകളാവും ആദ്യം എണ്ണുക. 30 മിനിറ്റുകൾക്കു ശേഷം വോട്ടിങ് യന്ത്രങ്ങളിലെ വോട്ടുകൾ എണ്ണാൻ ആരംഭിക്കും. കൗണ്ടിങ് ഏജന്റുമാരുടെ പട്ടിക വോട്ടെണ്ണൽ തീയ്യതിക്കു മൂന്നു ദിവസം മുൻപായി റിട്ടേണിങ് ഓഫിസർമാർക്ക് നൽകണമെന്നാണ് നിർദ്ദേശം. ഓരോ ഏജന്റിനുമുള്ള ഐഡന്റിറ്റി കാർഡുകൾ റിട്ടേണിങ് ഓഫിസർമാർ തയ്യാറാക്കി സ്ഥാനാർത്ഥികൾക്കു കൈമാറും.

***************************************

## PM- HARDOI

ഉത്തർപ്രദേശിലെ ഹർദോയ് ജില്ലയിൽ 594 കിലോമീറ്റർ നീളമുള്ള ഗംഗാ എക്സ്പ്രസ് വേ പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്യും. എക്സ്പ്രസ് വേ സംസ്ഥാന വികസനത്തിന്റെ പുതിയ

ജീവരേഖയായി മാറുമെന്നും പ്രാദേശിക കണക്റ്റിവിറ്റി ഗണ്യമായി മെച്ചപ്പെടുത്തുമെന്നും പ്രധാനമന്ത്രി പറഞ്ഞു.

***********************************

## GOVT- MOTOR VEHICLE DRAFT

മോട്ടോർ വാഹന ചട്ടങ്ങളിൽ നിർണ്ണായക ഭേദഗതികളുമായി കേന്ദ്ര സർക്കാർ. പരിസ്ഥിതി സൗഹൃദ ഇന്ധനങ്ങളായ എഥനോൾ, ബയോഫ്യുവൽ എന്നിവയുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായാണ്,1989-ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടങ്ങൾ പരിഷ്ക്കരിക്കുന്നത്. ഇത് സംബന്ധിച്ച കരട് വിജ്ഞാപനം കേന്ദ്രസർക്കാർ പുറപ്പെടുവിച്ചു. ബയോഡീസൽ മിശ്രണത്തിന്റെ അളവ് B10-ൽ നിന്നും B-100 ലേക്ക് ഉയർത്താനുള്ള നിർദ്ദേശങ്ങളടക്കം കരട് ചട്ടങ്ങളിലുണ്ട്.

***********************************

## GOYAL-CLIMATE

ആഗോളതലത്തിൽ കാലാവസ്ഥാ പ്രതിബദ്ധത കൈവരിക്കുന്നതിൽ ഏറ്റവും മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന രാജ്യങ്ങളിൽ ഒന്നാണ് ഇന്ത്യയെന്ന് കേന്ദ്ര മന്ത്രി പിയൂഷ് ഗോയൽ. ന്യൂഡൽഹിയിൽ വികസിത് ഭാരത് 2047-നോടനുബന്ധിച്ചുള്ള കാലാവസ്ഥാ പ്രതിരോധശേഷി വർദ്ധിപ്പിക്കൽ എന്ന വിഷയത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. നിലവിൽ രാജ്യത്ത് 260 ജിഗാവാട്ട് പുനരുപയോഗ ഊർജ ശേഷിയുണ്ടെന്നും 2030 ഓടെ 500 ജിഗാവാട്ട് ഊർജ ശേഷി കൈവരിക്കുമെന്നും ശ്രീ ഗോയൽ വ്യക്തമാക്കി.

***********************************

## IMD-KERALA

കനത്ത ചൂടിന് ആശ്വാസമായി സംസ്ഥാനത്തിൻറെ വിവിധ ജില്ലകളിൽ വരും ദിവസങ്ങളിൽ വേനൽ മഴ കൂടുതൽ

ശക്തിപ്പെടുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇടുക്കി,കണ്ണൂർ, കാസർകോട് ജില്ലകളിൽ നാളെ മഞ്ഞ ജാഗ്രതയാണ്. ശക്തമായ മഴയ്ക്കുള്ള സാധ്യത കണക്കിലെടുത്ത് പത്തനംതിട്ട, ഇടുക്കി, വയനാട് ജില്ലകളിൽ മറ്റന്നാൾ മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. വേനൽ മഴ ശക്തമാകുന്ന സാഹചര്യത്തിൽ, ഇടിമിന്നൽ മൂലമുള്ള അപകടങ്ങളിൽ ജാഗ്രത പുലർത്തണമെന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മുന്നറിയിപ്പ് നൽകി.

**********************************

## IDUKKI – RAIN

ഇടുക്കി ജില്ലയിൽ പെയ്ത ശക്തമായ വേനൽമഴയിലും കാറ്റിലും വണ്ടിപ്പെരിയാർ മ്ലാമല മേഖലയിൽ വ്യാപക നാശനഷ്ടം. മ്ലാമല, മൂങ്കലാർ, കീരിക്കര ഭാഗങ്ങളിൽ നിരവധി വീടുകളുടെ മേൽക്കൂരകൾ കാറ്റിൽ തകർന്നു. കാറ്റിലും മഴയിലും പെട്ട് മേഖലയിൽ വ്യാപകമായ കൃഷിനാശവും സംഭവിച്ചു. വിവിധയിടങ്ങളിൽ മരങ്ങൾ കടപുഴകി വീണതിനെത്തുടർന്ന് ഗതാഗത തടസ്സവുമുണ്ടായി.

**********************************

## NADDA–HEALTH SUMMIT

പൊതുജനാരോഗ്യവുമായി ബന്ധപ്പെട്ട് പത്താമത് ദ്വിദിന ദേശീയ ഉച്ചകോടിക്ക് നാളെ ചണ്ഡീഗഡിൽ തുടക്കമാകും. ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയതിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന ഉച്ചകോടി കേന്ദ്ര ആരോഗ്യ മന്ത്രി ജെ.പി.നഡ്ഡ ഉദ്ഘാടനം ചെയ്യും. പൊതുജനാരോഗ്യ വെല്ലുവിളികളെ നേരിടുന്നതിനായി സംസ്ഥാനങ്ങളും കേന്ദ്രഭരണ പ്രദേശങ്ങളും സ്വീകരിച്ച ഫലപ്രദമായ രീതികൾ ചർച്ചചെയ്യുകയാണ് ഉച്ചകോടിയുടെ ലക്ഷ്യമെന്ന് മന്ത്രാലയം വ്യക്തമാക്കി.

**********************************

## RAJNATH - CROSETTO

രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ് നാളെ ന്യൂഡൽഹിയിൽ ഇറ്റാലിയൻ പ്രതിരോധ മന്ത്രി ഗൈഡോ ക്രോസെറ്റോയുമായി ഉഭയകക്ഷി ചർച്ചകൾ നടത്തും. പ്രതിരോധ സഹകരണവുമായി ബന്ധപ്പെട്ട നിരവധി വിഷയങ്ങൾ കൂടിക്കാഴ്ചയിൽ ചർച്ച ചെയ്യുമെന്ന് പ്രതിരോധ മന്ത്രാലയം പുറത്തിറക്കിയ പ്രസ്താവനയിൽ പറഞ്ഞു. ഇറ്റാലിയൻ പ്രതിരോധ മന്ത്രിയുടെ ഇന്ത്യയിലേക്കുള്ള ആദ്യ സന്ദർശനമാണിത്.

*********************************************

## OPEC

പെട്രോളിയം കയറ്റുമതി രാജ്യങ്ങളുടെ കൂട്ടായ്മയായ ഒപെകിൽ നിന്നും പിന്മാറുന്നതായി യുഎഇ. മെയ് ഒന്ന് മുതലാണ് തീരുമാനം പ്രാബല്യത്തിൽ വരിക. പശ്ചിമേഷ്യൻ സംഘർഷത്തെ തുടർന്നുള്ള രൂക്ഷമായ ഊർജ്ജ പ്രതിസന്ധിക്കിടെയാണ് പിന്മാറ്റം. ആഗോള എണ്ണ വിതരണത്തിൽ ഒപെകിൻറെ നിയന്ത്രണം ദുർബലമാക്കുന്നതാണ് ഈ നീക്കം.

*********************************************

## GOVT-WEST ASIA BRIEFING (INTRO)

രാജ്യത്തുടനീളം എൽ.പി.ജി വിതരണം സുഗമമായി തുടരുകയാണെന്ന് കേന്ദ്രസർക്കാർ. ഓൺലൈൻ എൽ.പി.ജി ബുക്കിംഗുകളും ഡെലിവറി ഓതന്റിക്കേഷൻ കോഡ് അടിസ്ഥാനമാക്കിയുള്ള ഗാർഹിക എൽ.പി.ജി വിതരണവും എക്കാലത്തെയും ഉയർന്ന നിലയിലാണെന്നും പെട്രോളിയം, പ്രകൃതിവാതക മന്ത്രാലയം സെക്രട്ടറി സുജാത ശർമ്മ പറഞ്ഞു. ന്യൂഡൽഹിയിൽ അന്തർ മന്ത്രാലയതല യോഗത്തിൽ സംസാരിക്കുകയായിരുന്നു അവർ. (ഹോൾഡ് വോയിസ് )..................

വാണിജ്യ എൽ.പി.ജി വിതരണം 70 ശതമാനം വരെ

പുനഃസ്ഥാപിച്ചിട്ടുണ്ടെന്നും ഏപ്രിൽ മാസത്തിൽ മാത്രം ഒരു ലക്ഷത്തി 84,000 ടണ്ണിലധികം വാണിജ്യ എൽ.പി.ജി, വിതരണം ചെയ്യുതായും മന്ത്രാലയ സെക്രട്ടറി അറിയിച്ചു. 5 കിലോ സിലിണ്ടറുകളുടെ വിതരണം ഇരട്ടിയായതായും ശ്രീമതി സുജാത ശർമ്മ വ്യക്തമാക്കി.

**************************************

## FACTCHECK – PETROL

പെട്രോൾ, ഡീസൽ വില വർദ്ധിപ്പിച്ചതായി സമൂഹ മാധ്യമത്തിൽ പ്രചരിക്കുന്ന വാർത്തകൾ വ്യാജമാണെന്ന് കേന്ദ്ര സർക്കാർ. പെട്രോളിയം പ്രകൃതി വാതക മന്ത്രാലയത്തിന്റെ പേരിൽ പ്രചരിക്കുന്ന വാർത്തകൾ തെറ്റാണെന്നും സർക്കാർ അത്തരമൊരു ഉത്തരവ് ഇറക്കിയിട്ടില്ലെന്നും പ്രസ് ഇൻഫർമേഷൻ ബ്യൂറോ ഫാക്ട് ചെക്ക് വിഭാഗം അറിയിച്ചു.

**************************************

## IPL

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് മുംബൈ ഇന്ത്യൻസ്, സൺ റൈസേഴ്സ് ഹൈദരാബാദ് പോരാട്ടം. ടോസ് നേടിയ മുംബൈ ഇന്ത്യൻസ് ബാറ്റിംഗ് തിരഞ്ഞെടുത്തു. മുംബൈയിലാണ് മത്സരം. ഇന്നലെ രാത്രി നടന്ന മത്സരത്തിൽ പഞ്ചാബ് കിംഗ്സിനെ രാജസ്ഥാൻ റോയൽസ് ആറ് വിക്കറ്റിന് പരാജയപ്പെടുത്തി .

**************************************

## MUNDATHIKKOD

മുണ്ടത്തിക്കോട് വെടിക്കെട്ട് ദുരന്തം നടന്ന സ്ഥലത്ത് സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചിരുന്നില്ലെന്ന് ജുഡീഷ്യൽ കമ്മീഷൻ സി എൻ രാമചന്ദ്രൻ നായർ. അപകടപരമായ സാഹചര്യത്തിലായിരുന്നു വെടിക്കെട്ട്

സാമഗ്രികളുടെ നിർമ്മാണമെന്നും, അഗ്നി പ്രതിരോധ സംവിധാനങ്ങൾ സ്ഥലത്ത് ഉണ്ടായിരുന്നില്ലെന്നും കമ്മീഷൻ വിലയിരുത്തി.

*********************************

## NITHIN RAJ - CRIMEBRANCH

അഞ്ചരക്കണ്ടി ഡെന്റൽ കോളേജിലെ ബി.ഡി.എസ് വിദ്യാർത്ഥി നിതിൻ രാജിൻറെ മരണത്തിൽ കേസ് അന്വേഷണം ക്രൈംബ്രാഞ്ചിന് കൈമാറി സംസ്ഥാന പോലീസ് മേധാവി റവാഡ ചന്ദ്രശേഖർ ഉത്തരവ് പുറത്തിറക്കി. കണ്ണൂർ സിറ്റി പോലീസ് കമ്മീഷണറുടെ ശിപാർശ പ്രകാരമാണ് നടപടി. അഞ്ചരക്കണ്ടി ഡെന്റൽ കോളേജിലെ അദ്ധ്യാപിക നൽകിയ ലോൺ ആപ്പുമായി ബന്ധപ്പെട്ട പരാതിയും ക്രൈം ബ്രാഞ്ച് അന്വേഷിക്കും.

*********************************

## COURT- KEJRIWAL

ഡൽഹി മദ്യനയ കേസിൽ മുൻ മുഖ്യമന്ത്രി അരവിന്ദ് കെജ്‌രിവാൾ, മനീഷ് സിസോദിയ, ഉൾപ്പെടെ 21 പേരെ വെറുതെ വിട്ട ഉത്തരവിനെതിരെ സി.ബി.ഐ സമർപ്പിച്ച ഹർജി മെയ് 4 ന് പരിഗണിക്കുമെന്ന് ഡൽഹി ഹൈക്കോടതി. ശനിയാഴ്ചയ്ക്കകം മറുപടി നൽകാൻ പ്രതികൾക്ക് അന്തിമ അവസരം നൽകിയ കോടതി, വിചാരണ കോടതിയിൽ നൽകിയ മുഴുവൻ രേഖകൾ സമർപ്പിക്കാനും ഉത്തരവിട്ടു.

*********************************

## INDIA KENYA-JTC

പത്താമത് ഇന്ത്യ-കെനിയ സംയുക്ത വ്യാപാര സമിതി യോഗത്തിന് കെനിയ വേദിയായി. ഇന്ത്യൻ വാണിജ്യ സെക്രട്ടറി

രാജേഷ് അഗർവാളും കെനിയൻ വാണിജ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി റെജീന അകോത് ഒംബാമും സംയുക്ത അധ്യക്ഷത വഹിച്ചു. ഇരു രാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി വ്യാപാര, സാമ്പത്തിക സഹകരണം അവലോകനം ചെയ്യുകയും ശക്തിപ്പെടുത്തുകയുമാണ് യോഗത്തിന്റെ ലക്ഷ്യം.

***********************************

## POWER PEAK- DEMAND

സംസ്ഥാനത്ത് ഇന്നലെ വളരെ പരിമിതമായ വൈദ്യുതി നിയന്ത്രണം മാത്രമാണ് വേണ്ടിവന്നതെന്ന് കെ എസ് ഇ ബി. മലബാർ മേഖലയിലെ ചില പ്രദേശങ്ങളിൽ വൈദ്യുതി നിയന്ത്രണം വേണ്ടിവന്നതല്ലാതെ മറ്റൊരിടത്തും നിയന്ത്രണം ആവശ്യമായി വന്നിട്ടില്ലെന്ന് കെ.എസ്.ഇ.ബി അറിയിച്ചു. കേരളത്തിൽ ലോഡ്ഷെഡിംഗ് ഏർപ്പെടുത്തിയെന്ന് മാധ്യമങ്ങൾ വാർത്ത നൽകിയത് ഖേദകരമാണെന്നും ബോർഡ് വാർത്താക്കുറിപ്പിൽ വ്യക്തമാക്കി.

*****************************************************************************
***********************************